**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി -പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വിതുര, പെരിങ്ങമ്മല പഞ്ചായത്തുകളിലായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായ എത്ര വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വിതുര, പെരിങ്ങമ്മല പഞ്ചായത്തുകളിലായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ പട്ടികവർഗ്ഗക്കാരായ 5 കുട്ടികൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ ആത്മഹത്യ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എന്തെല്ലാം കാരണങ്ങളാണ് ഇത്തരം ആത്മഹത്യകളിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാമൂഹ്യപരമായ പലവിധ പ്രശ്നങ്ങളാൽ കുട്ടികൾ ചൂഷണം ചെയ്യപ്പെട്ടതാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്കിടയിലെ മദ്യം - മയക്കുമരുന്ന് ഉപയോഗവും മൊബൈൽ ഫോൺ ദുരുപയോഗവും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കമ്മിറ്റഡ് സോഷ്യൽ വർക്കർ, കൗൺസലിംഗ് തുടങ്ങിയ മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളിലും സങ്കേതങ്ങളിലും നിരന്തരമായ ബോധവൽക്കരണങ്ങൾ നടത്തിവരുന്നു. പട്ടികജാതി വികസന ഓഫീസർമാരും പ്രൊമോട്ടർമാരും കോളനികൾ സന്ദർശിച്ച് ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ